പുലാമന്തോൾ റോഡ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പാലക്കാട് യൂണിറ്റിൽ വി.സി.25/2015/പി.കെ.ഡി. നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തത്.

(ബി) പ്രസ്തുത കേസിന്റെ നിലവിലെ സ്റ്റാറ്റസ് വ്യക്തമാക്കാമോ; ഈ കേസിൽ ഉൾപ്പെട്ട ആരെയെങ്കിലും ശിക്ഷിക്കുകയുണ്ടായോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത വിജിലൻസ് കേസന്വേഷണം പൂർത്തിയാക്കി 27-3-2021-ൽ പ്രതികൾക്കെതിരെ ബഹു. എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) കോടതി, തൃശ്ശൂർ മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയത് ബഹു. കോടതിയുടെ വിചാരണയിലുമാണ്.

അഗ്രിഫെസ്റ്റുമായി ബന്ധപ്പെട്ട് നടന്ന വിജിലൻസ് അന്വേഷണം

113(3848) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 സർക്കാരിന്റെ കാലത്ത് മാനന്തവാടിയിൽ യുവജനക്ഷേമം, കൃഷി എന്നീ വകുപ്പുകൾ ചേർന്ന് നടത്തിയ അഗ്രിഫെസ്റ്റുമായി ബന്ധപ്പെട്ട് നടന്ന വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത അന്വേഷണവുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിലാണുള്ളത്?

(എ&ബി) 2015-ൽ സംസ്ഥാന കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിലെ മാനന്തവാടി മുനിസിപ്പാലിറ്റിയിൽ സംഘടിപ്പിച്ച അഗ്രിഫെസ്റ്റിനോടനുബന്ധിച്ച് നടത്തിയ ടൈബൽ ഫെസ്റ്റിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ വയനാട് യൂണിറ്റ് പി.ഇ.01/2018/വയനാട് ആയി ഒരു പ്രാഥമികാന്വേഷണം നടത്തുകയും റിപ്പോർട്ട് തുടർനടപടി സ്വീകരിക്കുന്നതിനായി സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. റിപ്പോർട്ടിലെ കൃഷി വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ, വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നടപടികൾ സ്വീകരിച്ചുവരുന്നു. കായിക യുവജനകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാന യുവജനക്ഷേമ ബോർഡ് ഈ പരിപാടിക്കായി അനുവദിച്ച 10 ലക്ഷം രൂപയുടെ ധനവിനിയോഗപത്രം നാളിതുവരെ സർക്കാരിൽ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വയനാട് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ ശ്രീമതി ശ്രീലേഖ നേരിട്ട് ചെലവഴിച്ച പത്ത് ലക്ഷം രൂപയുടെ ധനവിനിയോഗപത്രം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. നാഷണൽ അഗ്രി ഫെസ്റ്റ് സംഘടിപ്പിച്ചതിന്റെ ഭാഗമായി നടത്തിയ ടൈബൽ ഫെസ്റ്റിന്റെ ചെലവുകൾക്ക് അനുവദിച്ച 20 ലക്ഷം രൂപയിൽ, 10 ലക്ഷം രൂപ കൈപ്പറ്റിയ മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബിജു, കൈപ്പറ്റ് രശീതും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും കൈപ്പറ്റിയ 10 ലക്ഷം രൂപയുടെ കണക്കുകൾ സംബന്ധിച്ച് നടത്തിയ ആഡിറ്റിൽ പലവിധ ചെലവുകളുമായി ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും നാളിതുവരെ ബോർഡിന് സമർപ്പിച്ചിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

മുൻസിഫ് കോടതികളും കോടതികളിലെ അവശ്യ തസ്തികകളും

114(3849) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ പ്രവർത്തിക്കുന്ന ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് കോടതി 31-10-2013-ലെ ജി.ഒ.(എം.എസ്)217/2013/ഹോം ഉത്തരവ് പ്രകാരം മുൻസിഫ്-മജിസ്ട്രേറ്റ് കോടതിയാക്കി മാറ്റിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കോടതി ഇതുവരെയും പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; 2013-ന് ശേഷം സംസ്ഥാനത്ത് പുതുതായി മുൻസിഫ് കോടതികൾ ആരംഭിച്ചിട്ടുണ്ടോയെന്നും എവിടെയൊക്കെയാണെന്നും അറിയിക്കാമോ?

(എ&ബി) ഉണ്ട്. എങ്കിലും ടി കോടതി ഇപ്പോഴും ജെ.എഫ്.സി.എം. കോടതിയായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. 31-1-2015-ലെ G.O.(Ms) No.20/2015/Home പ്രകാരം 8 തസ്തികകൾ അനുവദിച്ചിരുന്നു. 17 തസ്തികകൾകൂടി അനുവദിക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതി രജിസ്ട്രാർ ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും 6-3-2019-ലെ G.O.(Ms)29/2019/Home പ്രകാരം സബോർഡിനേറ്റ് ജൂഡീഷ്യറിയിൽ 478 തസ്തികകൾ സൃഷ്ടിച്ചതിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ തൽക്കാലം പെൻഡിംഗിൽ വയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. 2013-നുശേഷം അട്ടപ്പാടിയിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നതിന് 22-9-2017-ലെ G.O.(Rt)No.2480/2017/Home പ്രകാരം തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. അടിമാലി, കോതമംഗലം, താമരശ്ശേരി എന്നിവിടങ്ങളിലെ 3 ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ മുൻസിഫ് മജിസ്ട്രേറ്റ് കോടതികളായി മാറ്റി ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly